**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1348** **03-02-2026 - ൽ മറുപടിയ്ക്ക്**

**'ലെവൽക്രോസ് ഇല്ലാത്ത കേരളം' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 'ലെവൽ ക്രോസ് ഇല്ലാത്ത' കേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ അമലാപുരി, വെസ്റ്റ്ഹിൽ ചുങ്കം എന്നിവിടങ്ങളിൽ ആസൂത്രണം ചെയ്തിട്ടുള്ള റോഡ് ഓവർ ബ്രിഡ്ജ് (ആർ. ഒ. ബി.)-കളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **അമലാപുരി ആർ.ഒ.ബി**<br><br>വിശദ പദ്ധതി രേഖ (DPR) തയ്യാറാക്കുവാൻ RITES Ltd എന്ന കേന്ദ്ര പൊതുമേഖല സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. DPR തയ്യാറാക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രദേശത്തിന്റെ ജിയോസ്പെഷ്യൽ ടോപ്പോഗ്രഫി സർവ്വേ, ട്രാഫിക്ക് സ്റ്റഡി, മണ്ണ് പരിശോധന എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. DPR, റെയിൽവേ ഭാഗത്തിന്റെ GAD എന്നിവ തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. ഉടനെ തന്നെ സാമ്പത്തികാനുമതിക്കായി പദ്ധതി രേഖ കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. ഡി.പി.ആർ കിഫ്ബിയും ജി.എ.ഡി. റെയിൽവേയും അംഗീകരിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.<br><br>**ചുങ്കം ഗേറ്റ് റെയിൽവേ മേൽപ്പാലം**<br><br>DPR തയ്യാറാക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രദേശത്തിന്റെ സർവ്വേ, ട്രാഫിക്ക് സ്റ്റഡി, മണ്ണ് പരിശോധന എന്നിവ പൂർത്തിയാക്കിയ ശേഷം ആർ.ബി.ഡി.സി.കെ. സമർപ്പിച്ച വിശദ പദ്ധതി രേഖ കിഫ്ബി അംഗീകരിക്കുകയും 37.83 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തു.<br><br>സിൽവർ ലൈൻ പദ്ധതി റെയിൽവേയുടെ ഡിസൈൻ മാറ്റങ്ങൾ എന്നിവ കാരണം റെയിൽവേയിൽ നിന്ന് ജി.എ.ഡിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടു. റെയിൽവേയുടെ ഏറ്റവും പുതിയ നിർദ്ദേശങ്ങൾ അനുസരിച്ച് പുതുക്കിയ ജി.എ.ഡി. 01.01.2026 ന് റെയിൽവേയിൽ സമർപ്പിരിക്കുകയണ്. കൂടാതെ ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിനായി അലൈൻമെന്റിന് തത്വത്തിൽ അംഗീകാരം നൽകുന്നതിനായി |

| | | | |
|---|---|---|---|
| | | | റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതാണ്. |
| (ബി) | മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ, ഡി. പി. ആർ. തയ്യാറാക്കൽ എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) | എ പരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ